# പതിനാലാം കേരള നിയമസഭ
# പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:828

04.03.2020-ലെ മറുപടി

## പാറശാല മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിൽ നിലവിൽ പ്രവൃത്തി നടന്നുവരുന്ന പ്രധാന കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്നും ഓരോന്നിനും വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (എ) | പാറശാല മണ്ഡലത്തിൽ നിലവിൽ കേരള വാട്ടർ അതോറിറ്റി മുഖേന പ്രവൃത്തി നടന്നു വരുന്ന പ്രധാന കുടിവെള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. <u>ആര്യങ്കോട് പെരുങ്കടവിള പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കിഴക്കൻമല കുടിവെള്ള പദ്ധതി</u><br>പ്രസ്തുത പദ്ധതിക്ക് 7/09/2019-ൽ കിഫ്ബിയിൽ നിന്നും 43.09 കോടി രൂപയുടെ ധനസഹായനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനായി ഈ പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br>2. <u>നേരത്തെ ഭരണാനുമതി ലഭിച്ച പാറശ്ശാലക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി (കാളിപ്പാറ കുടിവെള്ള പദ്ധതി)</u><br>പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കൊല്ലയിൽ പഞ്ചായത്തിലേക്ക് ജലം കൊണ്ടു പോകുന്നതിനുള്ള 8.02 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്രവർത്തി (ഡീവിയേഷൻ പ്രൊപ്പോസലിന്) അനുമതി നൽകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചു വരുന്നു. ഇതു കൂടാതെ പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടുള്ള പൊൻവിള മുതൽ ഇടിച്ചക്ക പ്ലാമൂട് വരെയുള്ള പ്രധാന ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള 4.50 കോടി രൂപയുടെ അവാർഡ് ചെയ്ത പ്രവർത്തി പുരോഗമിച്ചു വരുന്നു. |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | ജലനിധി ഒന്നാംഘട്ട പദ്ധതി പ്രകാരം നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളിൽ പുനരുദ്ധാരണ പ്രവൃത്തികൾ ആവശ്യമായ സ്കീമുകളുടെ കേടുപാടുകൾ പരിഹരിച്ച് സ്കീമുകൾ നവീകരിക്കുന്നതിന് വേണ്ടിയുള്ള 'സുസ്ഥിരതാ പദ്ധതി'യിൽ ഉൾപ്പെടുത്തി വെള്ളറട പഞ്ചായത്തിലെ 8 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് . പ്രവൃത്തി തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | 1. പാറശ്ശാലയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി (വണ്ടിച്ചിറ കുടിവെള്ള പദ്ധതി)<br>2. കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി കോട്ടുക്കോണത്ത് ഉപരിതല സംഭരണിയുടെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളേതെങ്കിലും പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | പാറശ്ശാലക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ (കാളിപ്പാറ കുടിവെള്ള പദ്ധതി) ഭാഗമായി പൊൻവിള മുതൽ പാറശ്ശാല വരെ 300 മില്ലിമീറ്റർ മുതൽ 160 മില്ലിമീറ്റർ വരെ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന് വേണ്ടുന്ന റോഡ് റിസ്റ്റൊറേഷൻ തുക, കാളിപ്പാറ പദ്ധതിയുടെ ഭാഗമായി പൊൻവിളയിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ചെലവുകൾക്കായുള്ള തുക എന്നിവ ലഭിക്കേണ്ടതുണ്ട്. |
| (ഡി) | പ്രസ്തുത കുടിവെള്ള പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ഡി) | പ്രസ്തുത കുടിവെള്ള പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു<br>1. നാഷണൽ ഹൈവേയിൽ കാളിപ്പാറ പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. (കഴക്കൂട്ടം- കാരോട് ബൈപ്പാസ് കടന്നു പോകുന്ന പൊൻവിളയിൽ ഏകദേശം 70 മീറ്റർ നീളത്തിലുള്ള പൈപ്പ് ലൈൻ ഹൈവേ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | അതോറിറ്റി ഇളക്കിമാറ്റിയതിന്റെ പുന:സ്ഥാപനം)<br>2. കാളിപ്പാറ പദ്ധതിയുടെ ഭാഗമായി പൊൻവിള മുതൽ പാറശ്ശാല വരെ 300 മില്ലി മീറ്റർ മുതൽ 160 മില്ലിമീറ്റർ വരെ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന് റോഡ് റിസ്റ്റോറേഷൻ തുകയുടെ എസ്റ്റിമേറ്റ് പൊതുമരാമത്തു വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കി പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>3. കിഴക്കൻമല പദ്ധതിയുടെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>4. കൊല്ലയിൽ പദ്ധതിയുടെ ഡീവിയേഷൻ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജലനിധി സുസ്ഥിരാതാ പദ്ധതി - സംസ്ഥാന സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|
| **Sl. No.** | **DISTRICT** | **GP NAME** | **Schemes AS No** | **NAME OF SCHEME** | **Estimate Amount** | **HHS** |
| 1 | TRIVANDRUM | VELLARADA | AS 4 | JALAPRIYA | 840000 | 25 |
| 2 | TRIVANDRUM | VELLARADA | AS 4 | Amrutham | 493000 | 38 |
| 3 | TRIVANDRUM | VELLARADA | AS 4 | Badastha | 772000 | 40 |
| 4 | TRIVANDRUM | VELLARADA | AS 4 | Sindhu | 525000 | 45 |
| 5 | TRIVANDRUM | VELLARADA | AS 5 | AISWARYA | 1444000 | 32 |
| 6 | TRIVANDRUM | VELLARADA | AS 5 | SNEHADHARA | 1651000 | 30 |
| 7 | TRIVANDRUM | VELLARADA | AS 5 | VANDANA | 1403000 | 40 |
| 8 | TRIVANDRUM | VELLARADA | AS 5 | KAIRALY | 1501000 | 60 |
| | TOTAL | | | | **86,29,000/-** | **310** |

**സെക്ഷൻ ഓഫീസർ**